**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3478** **08-10-2025 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം വർധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | നിലവിൽ തീരുമാനിച്ചിട്ടില്ല. WP(C) 5506/2014 ന്മേലുള്ള 06/02/2025 ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |
| (ബി) | പ്രീപ്രൈമറി അദ്ധ്യാപകരുടെ ഓണറേറിയം മുടങ്ങിക്കിടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഓണറേറിയം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ സ്കൂളുകളിലെ എല്ലാ പ്രീ-പ്രൈമറി ജീവനക്കാർക്കും നിയമനാംഗീകാരം ലഭിച്ച തീയതി മുതൽ എല്ലാ മാസവും മുടങ്ങാതെ ഓണറേറിയം അനുവദിച്ച് വരുന്നുണ്ട്. |
| (സി) | പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയത്തിന് പകരം ശമ്പളം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ